## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4711 — 19/05/2017-ൽ മറുപടിയ്ക്ക്

### തൃക്കരിപ്പൂർ മണ്ഡലത്തിലെ ഐ.ടി. ഐ/ ഐ.ടി.സി.കളെ മികവിന്റെ കേന്ദ്രമാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. രാജഗോപാലൻ** | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) | തൃക്കരിപ്പൂർ മണ്ഡലത്തിലെ നിലേശ്വരത്തും ചെറുവത്തൂരും പ്രവർത്തിക്കുന്ന ഐ.ടി. ഐ/ ഐ.ടി.സി. കളിൽ പുതിയ കോഴ്സുകൾ അനുവദിച്ചും പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചും മികവിന്റെ കേന്ദ്രമാക്കാൻ നടപടി സ്വീകരിക്കുമോ; | എ) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| ബി) | പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ ഉപരിപഠനത്തിനായി സ്ഥാപിച്ച പ്രസ്തുത സ്ഥാപനങ്ങളുടെ ബാലാരിഷ്ടതകൾ പരിഹരിക്കാൻ സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ? | ബി) | നടപ്പിലാക്കും. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നിലേശ്വരം, ചെറുവത്തൂർ എന്നീ ഐ.ടി.ഐ.കളിൽ യഥാക്രമം ഡി.സിവിൽ(2 വർഷം), പ്ലംബർ(1 വർഷം) എന്നീ ട്രേഡുകളാണ് നിലവിലുള്ളത്. അതിനു പുറമേ ഈ രണ്ടു ഐ.ടി.ഐ.കളിലും രണ്ട് വർഷത്തെ ഇലക്ട്രീഷ്യൻ ട്രേഡിന്റെ ഓരോ യൂണിറ്റ് കൂടി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചു വരികയാണ്. നീലേശ്വരം ഐ.ടി.ഐ.യിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുവത്തൂർ ഐ.ടി.ഐ. നിലവിൽ ഉള്ള കെട്ടിടം കൂടുതൽ സൗകര്യമുള്ളതാക്കാൻ വേണ്ട നടപടിക്രമങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ